


# ma

**MAVELIKARA BISHOP MOORE COLLEGE ALUMNI ASSOCIATION**

**SEPTEMBER 2017**

Space donated by a wellwisher



*There is only one happiness in this life,*
*to love and be loved*
*- George Sand*

# മാതൃമൊഴി

പൊതു താല്പര്യപ്രകാരം
'മാ' വീണ്ടും പ്രസിദ്ധീകരിക്കുന്നു.



നമ്മുടെ പൂർവ്വവിദ്യാർത്ഥി സുഹൃത്തുക്കളുമായിട്ടുള്ള ആശയവിനിമയത്തിന് ഇതു കൂടിയേ കഴിയൂ എന്നു മനസ്സിലാക്കുന്നു.

പുതിയനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.
'മാ' എത്രകാലം ഇടവിട്ട് പ്രസിദ്ധീകരിക്കണം.
എന്തൊക്കെ ഉൾപ്പെടുത്തണം.
വർത്തമാനകാല വിദ്യാർത്ഥികളേക്കൂടി ഒപ്പം കൂട്ടി അവരുടെ കൃതികളും (തെരഞ്ഞെടുക്കപ്പെട്ടവ) പ്രസിദ്ധീകരിച്ചു കൂടേ?
ഈ ലക്കത്തിൽ അവയിൽ ചിലത് ചേർത്തിട്ടുണ്ട്.

പേരിനൊരു തുക (ഉദാ: പത്തുരൂപാ) വിലയായി നിശ്ചയിച്ചാലോ?
ദയവായി പത്രാധിപ സമിതിയെ അറിയിക്കുക.


തുടർന്ന് പ്രസിദ്ധീകരിക്കണമെങ്കിൽ
എല്ലാ സുഹൃത്തുക്കളുടെയും സഹകരണം ഉണ്ടായേ മതിയാവൂ.
നുറുങ്ങു കവിതകൾ, 'കൊച്ചു'ചെറുകഥകൾ,
കാമ്പുള്ള ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ,
വായനാ വിഷയങ്ങൾ,
താങ്കളുടെ ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ,
കാർട്ടൂണുകൾ, ഫോട്ടോഗ്രാഫുകൾ, ചിത്രങ്ങൾ
ഇവ അയച്ചു തരിക.

ഒപ്പം താങ്കളുടെ സുഹൃദ്വലയത്തിലുള്ള വ്യക്തികളുടെ,
അവർ നേതൃത്വം നൽകുന്ന സ്ഥാപനങ്ങളുടെ
'അഡ്വെർട്ടൈസ്മെന്റ്' വാങ്ങി അയ്ക്കുക.
(താരിഫ് അന്യത്ര ചേർത്തിട്ടുണ്ട്).

ഈ സദുദ്യമത്തിൽ സഹകരിക്കാൻ താല്പര്യമുള്ളവരുടെ സംഭാവനയും സ്വാഗതം ചെയ്യുന്നു.

അമ്മയെ ('മാ') മനസ്സിൽ എപ്പോഴും
കാത്തുസൂക്ഷിക്കുക.

സ്നേഹപൂർവ്വം
പത്രാധിപ സമിതി



# ഉണർന്നെഴുന്നേൽക്കൂ.....

കഴിഞ്ഞ കുറേക്കാലമായി വിവിധ ബാച്ചുകളിലെ പൂർവ്വവിദ്യാർത്ഥികൾ പ്രത്യേകം പ്രത്യേകം ഒത്തുചേർന്ന് കോളജിലോ, മറ്റിടങ്ങളിലോ ഓർമ്മ പുതുക്കുന്നതായി അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ കൂടിച്ചേരലുകളാണ് മനുഷ്യനന്മയുടെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, സൗഹൃദപുഷ്പങ്ങളുടെ വിത്തുകൾ പാകുന്നത്.

ഒരു ചെറിയ നിർദ്ദേശമുണ്ട്. അങ്ങനെ നിങ്ങൾ ഒരുമിച്ചു കൂടുന്ന വിവരം കത്തുമൂലം ബഹുമാന്യ പ്രിൻസിപ്പലിനെയും, പൂർവ്വവിദ്യാർത്ഥി സംഘടനാ സെക്രട്ടറിയേയും അറിയിക്കുന്നത് ഒരു ശീലമാക്കുക. നിങ്ങൾക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്തു തരാൻ സംഘടനാ ഭാരവാഹികൾക്കു കഴിയും.

ഒപ്പം ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, ആദ്ധ്യാത്മിക പ്രവർത്തകർ, ഭരണനിർവ്വഹണ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, രാഷ്ട്രീയക്കാർ, സൈന്യത്തിൽ സേവനം നടത്തുന്നവർ, സാമൂഹിക പ്രവർത്തകർ, എഴുത്തുകാർ, കലാകാരന്മാർ, നടന്മാർ, ഗായകർ, കായിക വിനോദത്തിലേർപ്പെട്ടവർ തുടങ്ങി വ്യത്യസ്ത മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ബിഷപ്പ് മൂർ കോളജ് പൂർവ്വവിദ്യാർത്ഥികൾ ഒന്നിച്ചു കൂടാനുള്ള വേദിയൊരുക്കുക. അത്യപൂർവ്വവും, അസാധാരണവുമായ നേട്ടങ്ങൾ അതുവഴി നമുക്കു കൈവരിക്കാനാവും, തീർച്ച.

ഫെയ്സ്ബുക്കിലൂടെയും, വാട്സ്അപ്പിലൂടെയും, മറ്റ് സാമൂഹികമാദ്ധ്യമങ്ങളിലൂടെയും ഇതിന് പ്രചരണം നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

ബിഷപ്പ് മൂർ കലാലയത്തിന്റെ മുദ്ര നമ്മിലാകെ ആഞ്ഞുപതിഞ്ഞിട്ടുണ്ട്. അത് ലോകനന്മയ്ക്കായി വിനിയോഗിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണു താനും, ഉണരുക.

■

പ്രിൻസിപ്പലിന്റെ ആശംസ

# കരുത്തോടെ, കരുതലോടെ മുമ്പോട്ട്

**ഡോ. ജേക്കബ് ചാണ്ടി**
(പ്രിൻസിപ്പൽ)

അനുഗ്രഹീത കലാലയമായ ബിഷപ്പ് മൂർ കോളജിന്റെ സാരഥിയാകുവാൻ ദൈവം നൽകിയ നിയോഗത്തിൽ ഞാൻ സന്തോഷിക്കുന്നു. ലഭിച്ച നിയോഗത്തിന്റെ ഗൗരവമുൾക്കൊണ്ടു കൊണ്ട് മുമ്പോട്ടു പോകുവാനുള്ള പ്രാപ്തി ദൈവം നൽകിക്കൊണ്ടിരിക്കുന്നു. ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

എല്ലാ പൂർവ്വവിദ്യാർത്ഥികൾക്കും ഹൃദയപൂർവ്വം ഓണാശംസകൾ നേരുന്നു. ഓണം ഓർമ്മയാണ്, മാത്രമല്ല ഓണം ഒരു പ്രതീക്ഷകൂടിയാണ്. ഓർമ്മകൾ അയവിറക്കുമ്പോൾ തന്നെ സമത്വസുന്ദരമായ ഒരു ഭാവിക്കുവേണ്ടിയുള്ള കാത്തിരിപ്പും കൂടിയാണ് ഓണം. അസമത്വങ്ങളില്ലാത്ത, അഴിമതിയില്ലാത്ത ഒരു കാലം, വരും വരാതിരിക്കില്ല.

നമ്മുടെ കോളജ് സുവർണ്ണ ജൂബിലിയും കടന്ന് അതിന്റെ പ്രയാണം തുടരുകയാണ്. NAAC അസസ്മെന്റിൽ A. Grade, DBT Star പദവി, 5 Star പദവിയുള്ള ASAP ഇങ്ങനെ പൊൻതൂവലുകളുമായുള്ള യാത്ര തുടരുകയാണ്. കാലത്തിന്റെ എല്ലാ വെല്ലുവിളികളെയും ഏറ്റെടുക്കാനുള്ള കരുത്ത് കോളജിനുണ്ട്. യുവഅദ്ധ്യാപക, അനദ്ധ്യാപകരുടെ നിര തന്നെ കോളജിന് നൽകുന്നത് അനന്തമായ സാദ്ധ്യതകളാണ്. ഗവേഷണ സാമൂഹ്യ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നവർ ധാരാളം നമ്മുടെ ക്യാമ്പസിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. പുതിയ കോഴ്സുകൾ പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സ്ഥലപരിമിതയാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. ഭൂമിശാസ്ത്രപരമായി പരന്നു വളരുവാൻ സ്ഥലം പോരാത്തതു കൊണ്ട് കുത്തനെ (Vertical) വളരുകയാണ് അവശേഷിക്കുന്ന പോംവഴി. അതിനുള്ള പ്ലാനുകൾ വരച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു, അടിസ്ഥാന ശില സ്ഥാപിക്കപ്പെട്ടിട്ടുള്ള സുവർണ്ണ ജൂബിലി കെട്ടിടത്തിന് 3 നിലകളാണുള്ളത്. ഏകദേശം 5 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതി ശ്രമകരമാണെങ്കിലും അസാദ്ധ്യമല്ല തന്നെ. പൂർവ്വവിദ്യാർത്ഥികളുടെ സഹായസഹകരണങ്ങൾ തീർച്ചയായും പ്രതീക്ഷിക്കുന്നു.

നമ്മുടെ ലൈബ്രറിയുടെ മുകളിലുള്ള നില കാലാകാലങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. അസഹ്യമായ ചൂട് വേനൽക്കാലത്തും, നിവൃത്തിയില്ലാത്ത ചോർച്ച മഴക്കാലത്തും എന്നതായിരുന്നു സ്ഥിതി. ഈ അക്കാദമി വർഷത്തിന്റെ തുടക്കത്തിൽ തന്നെ കെട്ടിടം വീണ്ടും ഡിസൈൻ ചെയ്ത് പരിഹാരങ്ങൾ നിശ്ചയിച്ച് പണി തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഒക്ടോബർ മാസത്തോടെ പ്രസ്തുത കെട്ടിടം പ്രവർത്തന സജ്ജമാകുന്നതാണ്.


കോളജിന്റെ പ്രവർത്തനങ്ങളിൽ ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 'മാ' വീണ്ടും പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷം അറിയിച്ചു കൊണ്ട് നിർത്തുന്നു.

# അലക്ക്

**റൂബാ ജോൺ,** ($S_1$ മലയാളം)



ഏറെ മുഷിഞ്ഞു പോയ മനസ്സ്
നന്നായൊന്നലക്കണം
വെയിലിലിട്ട് വാടിക്കാതെ തണൽ
കൊള്ളിച്ചൊന്നലക്കണം
സോപ്പുവെള്ളത്തിൽ കുതിർത്തു വെച്ച്
ആഗ്രഹങ്ങളെ അലിയിച്ചു കളയണം
കല്ലിലാഞ്ഞടിച്ചു സ്നേഹത്തിനിഴയടുപ്പം കുറയ്ക്കണം
ഉലച്ചു പിഴിയുന്ന വെള്ളത്തിൽ
പ്രാണ നൊമ്പരങ്ങൾ ഒഴുകിപ്പോകുന്നത്
നോക്കിനിൽക്കണം.
കുമിളകളായി പരാജയങ്ങൾ പൊങ്ങിവരുമ്പോൾ
കണ്ടില്ലെന്നു നടിച്ചു മാറി നൽക്കണം.
ഓർമ്മകൾ പിടിച്ചു പറ്റിയ ചുളിവുകൾ
തേച്ചു വെടിപ്പാക്കണം
തേച്ചു ശുദ്ധമാക്കിയ ശേഷം
കല്ലുകളാൽ തീർത്തൊരു ഒരു വസ്ത്രം
ധരിപ്പിക്കണം...
ഇനിയും ആഗ്രങ്ങളും സ്വപ്നങ്ങളും
കുന്നുകൂടി പൊടിപിടിക്കാതിരിക്കാൻ.....



# 'പുസ്തകാരാമം'
## (BOOK GARDEN)

നമ്മുടെ പ്രിയ കലാലയത്തിൽ നിന്ന് വിരമിച്ച അദ്ധ്യാപകരുടെ സംഘടന (ART - Association of Retired Teachers) രൂപം കൊടുത്ത ഒരു നൂതന സംരംഭമാണ് 'പുസ്തകാരാമം'.

ബിഷപ്പ് മൂർ കോളേജിൽ നിന്ന് വിരമിച്ച അദ്ധ്യാപകരും അനദ്ധ്യാപകരും ഇപ്പോൾ പ്രവർത്തിക്കുന്നവരും എഴുതിയ, അല്ലെങ്കിൽ എഡിറ്റിംഗ് നിർവ്വഹിച്ച് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ കോജജ് ലൈബ്രറിയിൽ ഒരു പ്രത്യേക വിഭാഗമായി സൂക്ഷിക്കുന്നതാണ് 'പുസ്തകാരാമ' പദ്ധതി. ബഹുമാന്യ പ്രിൻസിപ്പൽ അതിന് അനുമതി നൽകുകയും ചെയ്തിരിക്കുന്നു.

**അതിന് അനുബന്ധമായി പൂർവ്വവിദ്യാർത്ഥികളായ എഴുത്തുകാരുടേയും, വർത്തമാനകാല വിദ്യാർത്ഥികളുടേയും പ്രസിദ്ധീകൃത കൃതികൾ കൂടി സൂക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. അതിലേക്ക് താങ്കളുടെ കൃതിയുടെ ഒരു കോപ്പിയെങ്കിലും പ്രിൻസിപ്പലിനേയോ, പൂർവ്വവിദ്യാർത്ഥി സംഘടനാ സെക്രട്ടറിയേയോ ഏല്പിക്കുവാൻ താല്പര്യപ്പെടുന്നു. ബിഷപ്പ് മൂർ കോളജിന്റെ നേട്ടങ്ങളുടെ** ഒരു കൊയ്ത്തുത്സവം ആവും അത്. ഈ വിളവെടുപ്പിന് 2017 ഓണക്കാലം സാക്ഷ്യം വഹിക്കുന്നു. നമ്മുടെ ഇടയിൽ അനേകം കവികൾ, കഥാകാരന്മാർ, നിരൂപകർ, നാടകകൃത്തുക്കൾ, പണ്ഡിതന്മാർ, ആദ്ധ്യാത്മിക പ്രവർത്തകർ തുടങ്ങി തികച്ചും വ്യത്യസ്ത രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെക്കുറിച്ച് വരും തലമുറ അറിഞ്ഞിരിക്കണം. നമ്മിൽത്തന്നെ പലരേയും അടുത്തറിയാൻ ഇതു വഴി തെളിക്കും. ഈ പരിപാടി പരിപൂർണ്ണവിജയത്തിലെത്തിക്കണം. അടുത്ത തലമുറക്ക് ഇതൊരു പ്രചോദനമാകുകയും ചെയ്യും.



സെക്രട്ടറി

കവിത


# ശരശയ്യ

ഗ്രീഷ്മ എസ്. *(S5, B.Com Finance)*

മരണമിങ്ങെത്തി, യെൻ പടിവാതിലിൽ, ഇനി
ഒരു നോക്കു കാണട്ടെ, യെൻ മക്കളേ,
പിരിയുന്ന നേരത്തു തരുമോ, എനിക്കു നീ
പരിപൂർണ്ണ മനമോടെ നീർമുത്തുകൾ?

അമ്മയെന്നെന്നെ വിളിക്കാൻ നിനക്കെന്തു
സമ്മതമില്ലയോ പിഞ്ചുകുഞ്ഞേ!
പതറാതെ, യറിയാതെ നീ ചൊല്ലുകമ്മയെ
അറിയട്ടെയീലോകഗോളമാകെ

എന്നേ പഠിച്ചു പതിഞ്ഞ പാഠം ചൊന്നു
തന്നില്ലേ ശാശ്വതമല്ലയൊന്നും
നോക്കൂ മകനേ, നിൻരൂപത്തെയൊന്നിനി
ചാരത്ത്, ശരശയ്യ തന്നിൽ നോക്കൂ.




കവിത

# വ്യാപ്തി



ഇന്ദിരാ അശോക്

ഒറ്റയ്ക്കിരിപ്പതും
നിശ്ചലസംഗീത
സ്വച്ഛന്ദധാരയാം ശൂന്യത
തുള്ളി തേനിറ്റിറ്റു വീണു
സ്വയം മധുവായതും
ഒന്നിമവെട്ടിയാൽ
മാഞ്ഞുപോകുന്നതും
തൻമെയ് ചലിച്ചാൽ
മറഞ്ഞുപോകുന്നതും
ശബ്ദവിഹീന-
സദാനന്ദമൗനമായ്
ഇത്തിരിമഞ്ഞ്
പരന്നു കവിഞ്ഞപോൽ
പൂവിതൾ പാതിതുറന്നിരു കണ്ണുകൾ
തീരെപ്പതിഞ്ഞുതൊടുന്നിളം കാറ്റുകൾ
രൂപത്തിനപ്പുറം കാഴ്ച തുറന്നതും
ഇച്ഛുമരിൽ നിന്ന്
വീടിന്നകത്തളം
വർത്തുളവാതായനം
കഴിഞ്ഞപ്പുറം
ഞെട്ടിയുണർന്ന ജനൽ
മിഴിക്കു വഴി-
ക്കറ്റമില്ലാതെ
പകർന്നുപാരുന്നിടം
സ്പനശരീര ജഗത് പ്രാണവ്യാപനം




കവിത

# ചോക്ക്

**അപർണ്ണ എൽ.** ($S_6$ മലയാളം)

കറുത്ത പ്രതലത്തിൽ
നിറമായ് വിരിയുവാൻ കൊതിച്ചു.
അക്ഷരങ്ങളായ് അറിവിന്റെ ലോകങ്ങൾ
എന്നിലൂടെ ഉണരുമെന്നു കരുതി
ബാല്യചാപല്യങ്ങൾ പൂവായും
പൂമ്പാറ്റയായും എന്നിലൂടെ ഭിത്തികളിൽ
പുനർജ്ജനിച്ചു.
അറിയാക്കണക്കുകളുടെ അക്കങ്ങൾ
എന്നിലൂടെ പലരേയു ഭയപ്പെടുത്തി.
ഒടുവിൽ ജീവന്റെ അവസാന കണികയും
എന്നിൽ നിന്നു മാഞ്ഞപ്പോൾ
പുതിയ രചനയ്ക്കായ് കാലം
എന്നെയും മായ്ച്ചു.





കവിത

# സമയം

**അജിൻ ജി. നാഥ്** ($S_3$ മലയാളം)


അയാൾക്കൊന്നിനും സമയം
ഉണ്ടായിരുന്നില്ല
തിരക്കായിരുന്നു എപ്പോഴും
ശ്വാസം വിടാൻ പറ്റാത്ത തിരക്ക്
ഒന്നുറങ്ങാൻ കഴിയാത്തത്ര തിരക്ക്
തിരക്കായിരുന്നു എപ്പോഴും
ആ തിരക്കിനിടയിൽ ഒരല്പം
സമയം കിട്ടിയപ്പോളാണ്
അയാൾ ആത്മഹത്യ ചെയ്തത്
അല്പം സമയം കിട്ടിയപ്പോൾ.





കവിത

# രക്തദാഹികൾ



ചേരാവള്ളി ശശി

ഇടിത്തീയായതു പതിക്കും; കണ്ണൊന്ന്
മിഴിച്ചടയ്ക്കുവാൻ ഇടവരും മുമ്പേ
അഖിലവും പൊട്ടിത്തെറിച്ചു ചോരതൻ
പെരുമഴയിൽ വീണടിഞ്ഞു താണുപോം
നിലവിളി, നൊന്തുപിടച്ചിലാരാവം!
നിലച്ചിടാത്തഗ്നി പടരും താണ്ഡവം!
എവിടെ നിന്നേതു പിശാച്, ഭീകരൻ
നിരപരാധർ തൻ കുരുതിമോന്തുന്നു......

എവിടെ നിന്നുമേവരാമതുത്സവ-
ത്തിരതിമിർക്കുന്നൊരിടത്തിൽ; ആൾക്കൂട്ട-
നദികൾ ഒത്തുചേർന്നൊഴുക്കിൽ; അല്ലെങ്കിൽ
വിശിഷ്ട വ്യക്തിത്വമൊളി പരത്തുന്ന
തലത്തിൽ; എന്നല്ല ജനം ഇരമ്പുന്ന
തെരുവിൽ; ഭീകരൻ വരും ശകടനായ്
തൃണാവർത്തൻ; ബകൻ, രാഘനായ്, പൂതന
ബഹുരൂപങ്ങളിൽ വരും സംഹാരത്തിൽ
കൊടിയ ചാവേറായ് പ്രിയദൈവത്തിനായ്
തുലഞ്ഞു സ്വർഗ്ഗത്തിൽ ഇരിപ്പിടത്തിനായ്.....

എവിടെയും വരാമവൻ; മതത്തിന്റെ
വെളിച്ചപ്പാടായി ഉറഞ്ഞു ഫ്രാൻസിലും
മദീന ധാക്ക നൽ ബ്രസീലിൽ മുംബൈയിൽ
എവിടെയും പുണ്യദിനത്തിൽ, ഈശ്വര-
സ്തുതികളിൽ, പള്ളി, കബറിടങ്ങളിൽ
എവിടെയും രാത്രി, പകൽ ത്രിസന്ധ്യയിൽ
എവിടെയും കണ്ണീർക്കടൽത്തീർക്കുവാൻ
വരാം തമസ്സിന്റെ ചിറകടിച്ചവൻ.....
അവൻ ചെകുത്താന്റെ നിയമപുസ്തകം
നിവർത്തി ന്യായങ്ങൾ വിധിച്ചിടുമ്പൊഴും
കുരുതിയുണ്ടേറെ മദിച്ചുതുള്ളിനി-
ന്നുറക്കെ തൻ ജയം തിറയാടുമ്പൊഴും,
അധർമ്മിതൻ ശിരസ്സെടുത്തു ഭൂമിയിൽ
കെടാത്ത ശാന്തിതൻ കൊടിപറത്തുവാൻ
വരൂസമാധാന പ്രിയരേ, ലോകരേ
വരൂ ദലങ്ങൾ പോൽ അണിയണിചേരൂ.....!!



# ചെരുപ്പ്

**വിഷ്ണു കെ.** ($S_3$ മലയാളം)

രാജീവ് അന്ന് തന്റെ ആഗ്രഹം സാധിച്ചതിലുള്ള സന്തോഷത്തിലാണ്. അന്ന് അവൻ ഏറെ ആഗ്രഹിച്ചിരുന്ന ആ ചെരുപ്പ് അവൻ സ്വന്തമാക്കി. കുറേ നാളത്തെ ആഗ്രഹമായിരുന്നു ഇന്ന് നടന്നത്. അവനെപ്പോലെ തന്നെ സന്തോഷവാനായിരുന്നു ആ ചെരുപ്പും. കാരണം ഏറെ നാളായി സിറ്റിയിലെ ചില്ലുകൂട്ടിൽ ഇരിക്കുകയാണ് അവൻ. പുറംലോകം കാണാനും കാഴ്ചകൾ കണ്ട് ആസ്വദിക്കുവാനും അവൻ ഏറെ ആഗ്രഹിച്ചിരുന്നു. അങ്ങനെ രണ്ട് സ്വപ്നങ്ങൾ പൂവണിഞ്ഞു.

കാലം ഏറെ കടന്നുപോയി. ആ ചെരുപ്പിന്റെ കോലം മാറി. അവന്റെ സൗന്ദര്യം പാടെ നഷ്ടമായി. രാജീവിന് ഏൽക്കേണ്ട എല്ലാ മുറിവുകളും അവൻ ഏറ്റുവാങ്ങി. വികൃതനായെങ്കിലും ചെരുപ്പിന് സന്തോഷമായിരുന്നു. പക്ഷേ നാളുകൾ കുറച്ചുകൂടി കഴിഞ്ഞപ്പോൾ ആ ചെരുപ്പ് കുളിമുറിയുടെ പരിമിതമായ സ്ഥലത്തേക്കൊതുങ്ങി. എന്നിട്ടും അവൻ വിഷമിച്ചില്ല. ആ വീട്ടിൽ അവനുവേണ്ടി തന്റെ ആഗ്രഹങ്ങളും മറ്റും ഉപേക്ഷിച്ച് അവനെ സംരക്ഷിച്ച് ഒന്നുമല്ലാതായി തീർന്ന രണ്ടാമത്തെ ആൾ മാത്രമായിരുന്നു ആ ചെരുപ്പ്.



# ഓർമ്മദിവസം

**കെ. കെ. സുധാകരൻ**



സെമിത്തേരിയുടെ മുന്നിലെ മൈതാനത്തിന്റെ ഓരത്ത് നിരനിരയായി നിൽക്കുന്ന ചൂളമരങ്ങളുടെ ചുവട്ടിലാണ് ഡെയ്സി കാർ നിർത്തിയത്.

വെയിൽ പരന്നു തുടങ്ങിയിട്ടേയുള്ള. നേർത്ത പുകപോലെ മൂടൽമഞ്ഞ് അപ്പോഴും മാഞ്ഞുപോകാൻ മടിച്ചു നിൽക്കുന്നു.

പള്ളിപ്പറമ്പ് വിജനം.

അവൾ വാതിൽ തുറന്ന് കാറിൽ നിന്ന് പുറത്തേക്കിറങ്ങി. സെമിത്തേരിയുടെ ഗേറ്റ് താഴിട്ടു പൂട്ടിയിരിക്കുകയാണ്.

അവൾ ഗേറ്റിന്റെ അഴികളിൽ പിടിച്ചു അകത്തേക്കു നോക്കി. പുതിയതും പഴയതുമായ ഒരു പാട് ശവക്കല്ലറകൾ. ചിലതിന് കരിംപായലിന്റെ മങ്ങൾ. ചിലതിന് മാർബിളിന്റെ തിളക്കം.

കപ്യാരുടെ കൈയ്യിൽ താക്കോൽ കാണും. പറഞ്ഞാൽ തുറന്നു തരും.

പാർസനേജിന് വലംവച്ച് ഡെയ്സി പിൻവശത്തുള്ള കുശിനിപ്പുര ലക്ഷ്യമാക്കി നടന്നു. ബീഡിയും പുകച്ച് തലയിൽ ഒരു ടവ്വലും ചുറ്റിക്കെട്ടി കപ്യാർ വർക്കി അപ്പോൾ കുശിനിയിൽ നിന്നിറങ്ങി വരുന്നുണ്ടായിരുന്നു. അവളെ കണ്ട് അയാൾ പെട്ടെന്ന് നിന്നു.

പെട്ടെന്ന് തലയിൽ നിന്ന് ടവ്വലഴിച്ച് അയാൾ പരിചയഭാവത്തിൽ അവളെ നോക്കി ചിരിച്ചു.

"എന്താ മോളേ ഇത്ര രാവിലെ?"

"നാളെ പപ്പേടെ ഓർമ്മദിവസമാ വർക്കിച്ചേട്ടാ". ഡെയ്സി പറഞ്ഞു.

"കർത്താവേ, കൊല്ലമൊന്നു കഴിഞ്ഞോ?..... എല്ലാം ഇന്നലെ നടന്ന പോലെ തോന്നുന്നെ" അയാൾ അത്ഭുതം കൂറി.

കൊല്ലം ഒന്നല്ല കഴിഞ്ഞത്, രണ്ടാമത്തെ ഓർമ്മ ദിവസമാണ് നാളെ എന്ന് പറയണമെന്നുണ്ടായിരുന്നു അവൾക്ക്. പക്ഷേ പറഞ്ഞില്ല.

"സെമിത്തേരിയുടെ ഗേറ്റൊന്നു തുറന്നു തരാമോ വർക്കിച്ചേട്ടാ..... എനിക്ക് പപ്പേടെ ശവമാടമൊന്നു വൃത്തിയാക്കാനാ. ഇപ്പോ പുല്ലു വളർന്ന് കാടുപിടിച്ച് കിടക്കുവാരിക്കും" അവൾ പറഞ്ഞു.

"അതിനെന്താ..... മോളു പൊയ്ക്കോ. വർക്കിച്ചേട്ടൻ ഇന്നുതന്നെ എല്ലാം വൃത്തിയാക്കിയിട്ടേക്കാം. മോളു വെറുതേ കഷ്ടപ്പെടണ്ട".

"വേണ്ട വർക്കിച്ചേട്ടാ. എനിക്കൊരു കഷ്ടപ്പാടുമില്ല. അതൊക്കെ ഞാനാ ചെയ്യേണ്ടത്".

"എന്നാൽ മോളു നടന്നോ..... ഞാൻ താക്കോലെടുത്തോണ്ടു വന്നേക്കാം" അയാൾ പറഞ്ഞു.

ഡെയ്സി വീണ്ടും ഗേറ്റിനടുത്ത് വന്ന് അഴികളിൽ പിടിച്ച് അകത്തേക്ക് നോക്കി. അപ്പോൾ കുറെ പ്രാവുകൾ സെമിത്തേരിയിൽ നിന്ന് പറന്നുപോയി.

രണ്ടുവർഷം മുമ്പുള്ള ആ നനഞ്ഞ പകൽ അവൾക്കപ്പോൾ ഓർമ്മ വന്നു. അന്ന് ഡിഗ്രിക്ക് ഒന്നാം വർഷത്തെ ക്ലാസ്സുകൾ തുടങ്ങിയിട്ടേയുള്ളായിരുന്നു.....

പിന്നിൽ താക്കോൽ കൂട്ടത്തിന്റെ കിലുക്കം കേട്ട് അവൾ തിരിഞ്ഞു നോക്കി. പുകയിലക്കറ പിടിച്ച പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് കപ്യാർ. അവൾ ഗേറ്റിന് മുന്നിൽ നിന്നു മാറി നിന്നു. അയാൾ ഒരു താക്കോൽ തിരഞ്ഞെടുത്ത് ഗേറ്റിന്റെ പൂട്ട് തുറന്നു.

"എനിക്ക് നിയ്ക്കാൻ നേരമില്ല മോളേ. എഞ്ചിനീയർ ജോസൂകുട്ടീടെ പുത്തൻ വീടിന്റെ വെഞ്ചരിപ്പാ ഇന്ന്...... അച്ചനേം എന്നേം വിളിച്ചോണ്ടു പോകാൻ ഇപ്പം കാറു വരും. മോളു പോകുമ്പം ഗേറ്റടച്ച് കുറ്റിയിട്ടേക്കണം. അല്ലെങ്കിൽ വല്ല കന്നാലീം കേറി നെരങ്ങും. ഞാൻ വന്നിട്ട് പൂട്ടിക്കോളാം" താക്കോൽ തിരിച്ചെടുത്തിട്ട് അയാൾ പറഞ്ഞു.

ഡെയ്സി ഹാൻഡ് ബാഗിൽ നിന്ന് ഒരു പത്തു രൂപാ നോട്ടെടുത്ത് അയാൾക്ക് കൊടുത്തു. അയാൾ സന്തോഷത്തോടെ സ്ഥലം വിട്ടു.

അവൾ ഗേറ്റു തുറന്ന് നേരെ പപ്പയുടെ ശവമാടത്തിലേക്ക് ചെന്നു. ചുറ്റും പുല്ല് വളർന്നീട്ടുണ്ട്. തലേദിവസം പെയ്ത മഴ മാർബിൾ പാളികളെ കഴുകി വെടിപ്പാക്കിയിരിക്കുന്നു.



കുന്തിച്ചിരുന്ന് അവൾ ശവമാടത്തിന് ചുറ്റും വളർന്നു നിന്നിരുന്ന പച്ചപ്പുല്ല് പിഴുതു മാറ്റി. പാറിവീണ കരിയിലകൾ പെറുക്കിക്കളഞ്ഞു. കാറിൽ നിന്ന് ടവ്വലെടുത്തു കൊണ്ടുവന്ന് മാർബിളിന്റെ ഉപരിതലം അമർത്തിത്തുടച്ച് വെടിപ്പാക്കി.

പപ്പയുടെ ശവമാടം ഡിസൈൻ ചെയ്തത് പ്രശസ്തനായ ഒരു ആർക്കിടെക്ടാണ്. വിലപിടിപ്പുള്ള ഇറ്റാലിയൻ മാർബിളുപയോഗിച്ചാണ് അത് പണിഞ്ഞിരിക്കുന്നത്. മമ്മി അക്കാര്യത്തിൽ ഒരു ലോപവും വിചാരിച്ചില്ല.

പക്ഷേ, നാളെ മമ്മി ഇവിടെ പൂക്കൾ വയ്ക്കാൻ വരില്ല. അതുറപ്പാണ്.

ആദ്യത്തെ ഓർമ്മ ദിവസത്തിന്റെയന്നുപോലും മമ്മി വന്നില്ലല്ലോ.

മമ്മിക്ക് മമ്മിയുടേതായ കാരണങ്ങളുണ്ട്. ഒരു പക്ഷേ അത് ന്യായവുമായിരിക്കും.

ഡെയ്സി സാവധാനം എഴുന്നേറ്റു.

നാളെ കോളേജിൽ പോകും മുമ്പ് പൂക്കളുമായി വരണം.

അവൾ സെമിത്തേരിയിൽ നിന്ന് പുറത്തുവന്ന് ഗേറടയ്ക്കാൻ തുടങ്ങുമ്പോഴാണ് പതിമ്മൂന്നോ പതിനാലോ വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ആൺകുട്ടി അവിടേക്ക് വന്നത്.

നീല ജീൻസും വെള്ള ടീഷർട്ടുമാണ് അവൻ ധരിച്ചിരുന്നത്. ഭംഗിയുള്ള മുടി നെറ്റിയിലേക്ക് വീണുകിടന്നിരുന്നു. തുടുത്ത മുഖം. സ്ത്രീകളുടേതുപോലെയുള്ള ചുവന്ന ചുണ്ടുകൾ.

വിഷാദം കലർന്ന ഒരു വിശുദ്ധിയുണ്ടായിരുന്നു അവന്റെ മുഖത്തിന്. കൈയിൽ ചുവന്ന പനിനീർപ്പൂച്ചെണ്ടുമുണ്ടായിരുന്നു.

ഒരനുജനുണ്ടായിരുന്നെങ്കിൽ ചിലപ്പോൾ ഇതുപോലെ.....

"ഗേറ്റടയ്ക്കുവാണോ?" അല്പമൊരു പരിഭ്രമത്തോടെ അവൻ ചോദിച്ചു.

"അകത്തു പോണോ?" അവൾ ചോദിച്ചു.

"ഉം"

ഡെയ്സി അനുവാദം കൊടുക്കുന്ന മട്ടിൽ തല കുലുക്കി.

"ഒരു മിനിറ്റ്..... ഞാനിപ്പം വരാം". അവൻ വേഗം സെമിത്തേരിയിലേക്ക് കയറിപ്പോയി.

അവൾ കറിനടുത്തേക്ക് നടന്നു.

അവന്റെ ആരായിരിക്കും മരിച്ചത്? ആരുടെ

ഓർമ്മയ്ക്കായിരിക്കും അവൻ പൂക്കൾ വയ്ക്കാൻ പോയത്? പപ്പ? മമ്മി? കുഞ്ഞനുജത്തി?

അവൾ കാറിൽ ചാരി നിന്നു.

അധികം വൈകിയില്ല. ഗേറ്റിന്റെ പാളികൾ രണ്ടും ചേർത്തടച്ചിട്ട് അവൻ വന്നു.

അവന്റെ കണ്ണുകളിൽ നനവുണ്ടായിരുന്നു. അതു കണ്ടപ്പോൾ അവളുടെ മനസ്സിലെവിടെയോ ഒരു നോവനുഭവപ്പെട്ടു.

"എന്താ കുട്ടീടെ പേര്?" ഡെയ്സി ചോദിച്ചു.

"അരുൺ"

"ആരാ മരിച്ചേ?"

"എന്റെ അമ്മ"

ചോദിക്കേണ്ടിയിരുന്നില്ലെന്ന് അവൾക്ക് തോന്നി. അവളുടെയുള്ളിൽ പേരറിയാത്ത ഒരു സ്നേഹം ഊറി.

"അരുൺ ടൗണിലേക്കാ?"

"ഉം"

"എന്നാൽ കേറിക്കോളൂ.... ഞാൻ ഡ്രോപ്പ് ചെയ്യാം".

അവൻ ആദ്യമൊന്ന് മടിച്ചെങ്കിലും പെട്ടെന്ന് മുൻ വാതിൽ തുറന്ന് കാറിൽ കയറി ഇരുന്നു. അവൾ കാറിന്റെ എൻജിൻ സ്റ്റാർട്ട് ചെയ്തു.

"എത്രനാളായി അരുണിന്റെ അമ്മ മരിച്ചിട്ട്?" കാറോടിക്കുന്നതിനിടയിൽ അവൾ ചോദിച്ചു.

"രണ്ടു വർഷം. ഇന്ന് അമ്മയുടെ ഓർമ്മ ദിവസമാ".

ഡെയ്സി തല തിരിച്ച് അവനെ നോക്കി.

"എങ്ങനാ മരിച്ചെ?" എന്തസുഖമാരുന്നു?"

"അസുഖം വന്നല്ല..... കാർ ആക്സിഡന്റായിരുന്നു" അവൻ പറഞ്ഞു.

ഭയം തോന്നിയതുപോലെ അവൾ പെട്ടെന്ന് റോഡിന്റെ ഓരം ചേർത്ത് കാർ നിർത്തി.

"ആരാ കാറോടിച്ചിരുന്നെ? അരുണിന്റെ ഫാദറാരുന്നോ?"

"അല്ല..... ഡാഡിയന്ന് സ്റ്റേറ്റ്സിലായിരുന്നു.... ഞാൻ ഡാഡീടെ വീടിനടുത്തുള്ള സ്കൂളിലും. അമ്മ വേറെയായിരുന്നു താമസം.... അമ്മേടെ ഫ്രണ്ടാ കാറോടിച്ചെ. അമ്മ അപ്പത്തന്നെ മരിച്ചു. നെക്സ്റ്റ് ഡേയിൽ പുള്ളിയും" അവൻ പറഞ്ഞു.

"അമ്മേടെ പേര് ജെസ്സിയെന്നാരുന്നോ?" നെഞ്ചിടിപ്പോടെ അവൾ ചോദിച്ചു.

"എന്റെ അമ്മേ ചേച്ചീ അറിമാരുന്നോ?" ആശ്ചര്യത്തോടെ അവൻ ചോദിച്ചു.

"ഉം" അവൾ തല കുലുക്കി

അവൻ മുഖം കുനിച്ചു.

"ഡാഡിയറിയാതാ ഞാനിപ്പം വന്നത്. അറിഞ്ഞാ സമ്മതിക്കത്തില്ല. ഡാഡിക്കിപ്പോഴും വെറുപ്പാ അമ്മയോട്. പക്ഷേ എനിക്ക്.... അമ്മക്കെന്നെ ഒരുപാടിഷ്ടമാരുന്നു..."

ഡെയ്സി അറിയാതെ അവന്റെ ചുമലിൽ കൈവച്ചു.

"എനിക്ക് ബ്രദേഴ്സ് ഇല്ല. ഇപ്പോൾ ഒരനിയനെ കിട്ടിയതുപോലെ" അവൾ പറഞ്ഞു.

"എന്താ ചേച്ചീടെ പേര്?"

"ഡെയ്സി"

അവൻ പുഞ്ചിരിച്ചു.

അവൾ അവനെ ടൗണിൽ കൊണ്ടു ചെന്നുവിട്ടു.

"താങ്ക്സ് ചേച്ചീ. ഇനി നമ്മൾ എന്നു കാണുമെന്നറിയത്തില്ല. നാളെ ഞാൻ ഡാഡിടടുത്തേക്ക് പോകും". അവൻ പറഞ്ഞു.

അവൾ മെല്ലെ തലകുലുക്കി.

ഡെയ്സി ചെന്നപ്പോൾ മമ്മി പുറത്തെവിടെയോ പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. അവളോട് ഒരക്ഷരം പോലും പറയാതെ അവർ കാറെടുത്ത് എങ്ങോട്ടോ ഓടിച്ചു പോയി.

ഡെയ്സി അവളുടെ മുറിയിലേക്ക് ചെന്നു. ആൽബം എടുത്തു തുറന്ന് അവൾ പപ്പയുടെ ഫോട്ടോയിലേക്ക് ഉറ്റുനോക്കി.

"പപ്പാ, ഞാനിന്ന് മിസസ്സ് മാത്യുസിന്റെ മോനെ കണ്ടു. പാവം കുട്ടി. ഞാൻ കരഞ്ഞില്ലെന്നേയുള്ളൂ".

ഒരുതുള്ളി കണ്ണീർ അവളുടെ കവിളിലേക്ക് ഒഴുകിയിറങ്ങി.

അയാൾ അപ്പോഴും മന്ദഹസിച്ചു കൊണ്ടേയിരുന്നു.

■

ചെറുകഥ

# അവർ പഠിപ്പിക്കുന്ന പാഠം



സോമശേഖരനുണ്ണിത്താൻ

'ഒരു നായ്ക്ക് മറ്റൊരു നായ കണ്ടുകൂടാ' എന്നത് ഒരു പഴഞ്ചൊല്ല്.

'പഴഞ്ചൊല്ലിൽ പതിരില്ല' എന്നത് ഇനിയുമൊരു പഴഞ്ചൊല്ല്.

ഈ രണ്ട് പഴഞ്ചൊല്ലിലും പതിരുണ്ട് എന്നത് ഇനിയൊരു സത്യം. കാരണം രാവിലെ ഞാൻ നോക്കുമ്പോൾ എന്റെ വീട്ടിലെ വളർത്തു നായ ടൈഗർ അല്പം മാത്രം തുറന്ന് കിടന്നിരുന്ന എന്റെ വീടിന്റെ ഗേറ്റിലൂടെ ഒരു കള്ള ത്തരം കണ്ണിലൊളിപ്പിച്ച് വച്ച് ആഞ്ഞിറങ്ങി അടുത്ത വീട്ടിലേക്ക് പോകു ന്നതു കണ്ടു.

അവർ പോയത് എന്റെ തൊട്ടടുത്ത വീട്ടിലേയ്ക്കാണെന്ന് എനിക്കറിയാം. എനിക്കത് അറിയാമെന്നുള്ള കാര്യം ടൈഗറിനുമറിയാം. അതാണ് അവന്റെ കണ്ണിലെ ആ കള്ളത്തരം ഒളിഞ്ഞിരിക്കുന്നത്.

അവർ പോകരുതെന്ന് ഞാൻ അവനെ വിലക്കിയാലോ എന്നവൻ സംശയിക്കുന്നു. പാരതന്ത്ര്യത്തിൽ നിന്നും പരമസ്വാതന്ത്ര്യത്തിലേക്കുള്ള അവന്റെ ഈ ഒളിച്ചോട്ടം, ചട്ടം വിട്ടുള്ള ഒരു നെട്ടോട്ടമാണെന്ന് ഞങ്ങൾക്ക് രണ്ട് പേർക്കുമറിയാം.

അടുത്ത വീട്ടിലെ വളർത്തുനായ ടിപ്പുവിനെയും കൂട്ടി അതിന്റെയടുത്ത വീടിന്റെ പിന്നാമ്പുറം ലക്ഷ്യമാക്കി രണ്ട് പേരുംകൂടി പോകുന്നത് ഞാൻ കണ്ടതാണ്. അല്പം കഴിഞ്ഞ് ആ വീട്ടിലെ കറുത്ത സുന്ദരിയായ ബ്ലാക്കിയേയും കൂട്ടി രണ്ട് പേരും പുറത്ത് വരികയും ചെയ്തു. സദാപിന്തുടരുന്ന കണ്ണുകളെയും ശാസനകളേയും നിഷ്പ്രഭമാക്കിയുള്ളവരാണതെന്ന് എനിക്കറിയാം.

ഇങ്ങനെ അവർ അയൽവീടുകളിലെ കൈസറിനേയും, ജൂലിയേയും, വാച്ചറേയും, ബ്രൂണോയേയും, സൈറനേയും എല്ലാം ചേർത്ത് എട്ടോ ഒൻപതോ പടികൾ പത്തുമിനിറ്റിനകം ഒത്തൊരുമിച്ചു പോകുന്നതു കണ്ടു. അവർ ആഹ്ലാദത്തോടെയും ഉത്സാഹത്തോടെയും അടുത്തുള്ള അമ്മുകുട്ടിയുടെ തെങ്ങിൻപറമ്പ് ലക്ഷ്യമാക്കിയാണ് പോകുന്നതെന്ന് എനിക്കറിയാം. കാരണം, ഇത് എന്റെ ഒരു നിത്യകാഴ്ചയാണ്.

എന്റെ വീട്ടുമുറ്റത്ത് നിന്നാൽ അമ്മുക്കുട്ടിയമ്മയുടെ വിശാലമായ തെങ്ങിൻ തോപ്പ് വളരെ വ്യക്തമായി കാണാം. ചാഞ്ഞും, ചരിഞ്ഞും, നിവർന്നും നിൽക്കുന്ന ആ തെങ്ങുകൾക്കിടയിൽ അതിലും ചാഞ്ഞും, ചരിഞ്ഞും കിടക്കുന്ന ആ ഭൂപ്രകൃതിയിൽ അവർ ഓടിനടന്ന് കളിക്കുകയാണ്. അനിർവചനീയമായ അനുഭൂതിയുടെ ആഴങ്ങളിൽ മുങ്ങി, ലോകം മറന്ന് അവർ ആ നിമിഷങ്ങൾ ആസ്വദിക്കുകയാണ്. അവറ്റകൾ പരസ്പരം ഉമ്മവെച്ചും, നക്കിയും, സ്നേഹം ആസ്വദിക്കുന്നു. ടിപ്പു, ടൈഗറിന്റെ ചെവിയിൽ കടിച്ചുവലിക്കുന്നു. അപ്പോഴേയ്ക്കും ജൂലി ഓടിവന്ന് ടിപ്പുവിന്റെ കാലിൽ നോവാതെ കടിച്ചു വലിക്കുന്നു. ബ്ലാക്കി ഓടിവന്ന് അവളുടെ പൃഷ്ഠം കൊണ്ട് ജൂലിയെ തള്ളിമാറ്റുന്നു. കൈസറും ബ്രൂണോയുമെല്ലാം അവരുടെ ഈ ചെയ്തികളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ചുറ്റും ഓടി നടക്കുന്നു. ശത്രു ശല്യത്തിനെതിരെ കൺപാർത്ത് വാച്ചർ അവന്റെ പേര് അന്വർത്ഥമാക്കുന്നു. ഇതെല്ലാം വെറുമൊരു പിള്ളാരുകളിയെന്ന മട്ടിൽ കണ്ട് ആസ്വദിച്ച് അല്പം പ്രായം കൂടുതലുള്ള സൈറൺ ഒരു തെങ്ങിൻ ചുവട്ടിൽ ദൃക്സാക്ഷികളായി കിടക്കുന്നു.

ഇവരിൽ ബ്ലാക്കിക്ക് മാത്രമാണ് ആരെയെങ്കിലും കാണുമ്പോൾ ഒന്ന് ചാടിവീഴാൻ മോഹമുള്ളത്. ക്രൂരരായ മനുഷ്യർ എന്തും ചെയ്യാൻ മടിയില്ലാത്തവരാണ് എന്നറിയാവുന്നതു കൊണ്ട്

ബാക്കിയുള്ളവർ അവൾക്കൊപ്പം കൂടുമെങ്കിലും അവളെ ശാന്തയാക്കി തിരികെ വിളിച്ചുകൊണ്ടു വരികയാണ് പതിവ്. പക്ഷേ ആരെങ്കിലും ആക്രമിക്കാൻ വന്നാൽ അവസരത്തിനൊത്ത് ഒരു ശാക്തിക സംഘമാകാനും അവർക്ക് മടിയില്ല. അപ്പോൾ അവരുടെ മുഖങ്ങളിൽ കാണുന്ന നിഗൂഢക്രൗര്യം ഭയാനകമാണ്.

നിലവാരമനുസരിച്ച് മനുഷ്യമഹത്വത്തെ വാഴ്ത്താനും, മനുഷ്യസ്വാതന്ത്ര്യത്തെ ബഹുമാനിക്കുവാനുമൊന്നും അവറ്റകൾക്കറിയില്ലല്ലോ.



മനുഷ്യൻ പണത്തിനും അധികാരത്തിനും വേണ്ടി പടവെട്ടുകയും, മത്സരിച്ച് മണ്ണടിയുകയും ചെയ്യുന്ന ഈ ലോകത്ത്, വിശാലമായ ആ തെങ്ങിൻ തോപ്പിൽ പരസ്പര സഹകരണ മനസ്ഥിതിയോടെ ഓടിനടന്ന് അവർ സ്നേഹവും സന്തോഷവും പങ്കുവയ്ക്കുകയാണ്. ജീവിതത്തിന്റെ ദാർശനികതയോ, നിഗൂഢതകളോ ഒന്നും അവർക്ക് പ്രശ്നമല്ലല്ലോ.

അവരെ സംബന്ധിച്ചിടത്തോളം സമാന മനസ്സുകളുടെ കൂട്ടായ്മ. അതവർ ആസ്വദിക്കുന്നു. അന്യത്ര തന്നെ. പരിധികളോ പരിമിതികളോ ഇല്ലാതെ എന്ത് വ്യാപനത്തിനും വിശാലമായ ഈ തെങ്ങിൻതോപ്പ് അവരുടെ മുന്നിൽ തുറന്ന് കിടക്കുകയാണ്. മനുഷ്യന്റെ പരിമിതികൾ അവർക്കില്ലല്ലോ.

അതിജീവനത്തിനുപരി, അതിമോഹങ്ങളുടെ ഇടനാഴിയിൽ എവിടെ മനുഷ്യന് നഷ്ടപ്പെട്ട സ്നേഹത്തിന്റെ ചെറുതരികൾ അന്വേഷിച്ച് അവർ ഓടിനടക്കുകയാണെന്ന് തോന്നുന്നു.

ഇത് എനിക്ക് ഒരു നിത്യകാഴ്ചയാണെങ്കിലും ഒരു സാഹസിക പ്രകടനത്തിനപ്പുറം ആസ്വാദനത്തിന്റെ മറ്റൊരു മുഖം ഈ സംഗമത്തിനുള്ളതുകൊണ്ട് ഞാൻ ചിലപ്പോഴെല്ലാം ഇത് നോക്കി നിൽക്കാറുണ്ട്. പക്ഷേ, കഴിഞ്ഞ രണ്ട് ദിവസങ്ങളായി അവരുടെ സന്തോഷാധിക്യത്തിന്റെ ജീവിത പ്രസക്തി പ്രകടിപ്പിക്കാൻ അവറ്റകൾക്കാകുന്നില്ല.

കാരണം, രണ്ട് ദിവസം മുമ്പ് അമ്മുക്കുട്ടിയമ്മയുടെ ഇളയമകൻ വിനുവിനെ അവന്റെ തന്നെ കൂട്ടുകാർ വീട്ടിൽ നിന്നും വിളിച്ചിറക്കിക്കൊണ്ട് വന്ന് വെട്ടിക്കൊന്നത് ഈ പറമ്പിൽ വച്ചാണ്.

പാവം പയ്യൻ, കൊന്നതോ അവന്റെ കൂട്ടുകാർ. വെട്ടിക്കൊന്നും, വെട്ടിപ്പിടിച്ചും കണക്കു തീർക്കുന്നവർ.

പ്രത്യയശാസ്ത്രപരമായി ഉണ്ടായ ഏതോ ചേരിതിരിവിനെ തുടർന്ന് മുമ്പ് എപ്പോഴോ ഉണ്ടായ വഴക്കിനെ തുടർന്നായിരുന്നു ആ കൊലപാതകം. തുടർന്ന് പോലീസുആളുകളും ബഹളവും കാരണം ഇവറ്റകൾക്ക് ഒത്തുകൂടാൻ ഈ പറമ്പ് ലഭ്യമല്ലായിരുന്നു. ഈ അസൗകര്യം സ്വന്തം വീട്ടുപറമ്പിൽ ആലസ്യത്തിൽ മുഴുകി ഉറങ്ങിത്തീർന്നിട്ടുണ്ടാകും.

മനുഷ്യർ മരിച്ചുവീഴുന്നിടത്ത് നായ്ക്കൾ ആഹ്ലാദിച്ചു തിമിർക്കുന്നു.

വിശ്വമാനവീയതയെ വാനോളം വാഴ്ത്തുന്ന മനുഷ്യനും, സ്വാർത്ഥതയും, സങ്കുചിതത്ത്വവും കണ്ണിന്റെ നിഗൂഢതകളിൽ ഒളിപ്പിച്ച താഴ്കളും ആണ് ഭേദം.

'ഒരു നായ്ക്ക് മറ്റൊരു നായെ കണ്ടുകൂടാ' എന്ന് പറയുന്നതിനേക്കാൾ ശരി 'ഒരു' നരന് മറ്റൊരു നരനെ 'കണ്ടുകൂടാ' എന്നുപറയുന്നതല്ലേ?

ഇനി പറയൂ, ചില പഴഞ്ചൊല്ലിലെങ്കിലും കുറച്ച് പതിരില്ലേ?

■

മാവേലിക്കര
ബിഷപ് മൂർ കോളജ്
അലുമ്നി അസോസിയേഷൻ

'മാ'

## അറിയിപ്പുകൾ

**ക്ഷണം**

പ്രിയ പൂർവ്വ വിദ്യാർത്ഥി സുഹൃത്തുക്കളെ,
2017 സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ നാം നമ്മുടെ മാതൃകലാലയത്തിൽ ഒത്തുചേരുന്നു.
Annual Get-Together.
കുഞ്ഞുങ്ങളോടു കൂടിയ താങ്കളുടെ കുടുംബസമേത സാന്നിദ്ധ്യം തന്നെയാണ് വേണ്ടത്. തയ്യാറെടുപ്പുകൾക്കായി അത് നേരത്തെതന്നെ സംഘാടകരെ അറിയിക്കുകയും വേണം.

ഒരിക്കൽക്കൂടി നമുക്ക് പ്രിയപ്പെട്ട ഓർമ്മകൾ പുതുക്കാം. കുഞ്ഞുങ്ങൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുകയുമാകാം.

**ഡോ. സാബു ജോർജ്ജ്**
വൈസ് പ്രസിഡന്റ്

**പ്രൊഫ. കോശി തൈത്താൻ**
പ്രസിഡന്റ്

**കെ. എൻ. ഹരിബാബു**
ഓർഗനൈസിംഗ് സെക്രട്ടറി

**രാജേഷ്**
സെക്രട്ടറി

## നിർദ്ദേശങ്ങൾ

സംഘടനാ പ്രവർത്തകർ കുറേക്കൂടി ഊർജ്ജസ്വലരാകാൻ എന്തൊക്കെ ചെയ്യാനാവും എന്നറിയിക്കുക. ഒപ്പം 'മാ'യുടെ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള വിലയേറിയ അഭിപ്രായങ്ങൾ കൂടി ക്ഷണിക്കുന്നു.

നിങ്ങളുടെ ഔദ്യോഗിക രംഗത്തെയോ മറ്റ് മണ്ഡലങ്ങളിലോ നേട്ടങ്ങൾ 'മാ'യ്ക്ക് എഴുതി അയ്ക്കുന്നത് പ്രയോജനപ്രദമാവും. അത് എല്ലാവരും അറിഞ്ഞിരുന്നാൽ സൗഹൃദത്തിന്റെ ഊഷ്മളത വർദ്ധിക്കും. ദയവായി അറിയിക്കുക.

*പ്രസിദ്ധീകരണത്തിനു പിന്നിൽ :* **സോമശേഖരൻ ഉണ്ണിത്താൻ, വി.സി.ജെ.**

**MA**
**Advertisement Tariff**


Cover (Colour): 4, Rs. 10,000/- Inside Page (B/w): Rs. 5000/-
Cover 2 & 3: Rs. 7,500/- Inside Minimum Space: Rs. 1000/-

Cover Page Design : VCJ
Page setting: Christy Graphics, Mvk. 9497337113
Printing: Johnson PRESS, Thattarampalam - 8281 35 2727

Space donated by a wellwisher



*The secret of happiness is freedom.......*
*And the secret of freedom is courage*
*- Thucydides*




Printing: Johnson PRESS, Thattarambalam - 8281 35

*For Private circulation only*

The two most powerful warriors
are patience and time

- Leo Tolstoy

ma

MAVELIKARA BISHOP MOORE COLLEGE ALUMNI ASSOCIATION
SEPTEMBER 2017